"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കുടുംബശ്രീ - ജനകീയ ഹോട്ടൽ അംഗങ്ങൾ - കരാർ പുതുക്കിനൽകുന്നതിനുള്ള നിർദേശം നൽകി - ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2560/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/12/2021

---

പരാമർശം:- 1. സ.ഉ(സാധാ) നം.1292/2021/തസ്വഭവ തീയതി.08.07.2021.

2. കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 05.11.2021 ലെ 1606/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ മാറി വരുന്ന സാഹചര്യത്തിൽ ജനകീയ ഹോട്ടലുകളിലെ അംഗങ്ങളെ മാറ്റുന്നതും അവരുടെ കരാർ ദീർഘിപ്പിച്ചു നല്കാതെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതുമായ അവസ്ഥയുള്ളതിനാൽ ഹരിതകർമ്മസേനാംഗങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഒഴിവാക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന് സമാനമായി ജനകീയ ഹോട്ടൽ അംഗങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴിവാക്കരുതെന്നും അവരുടെ കരാർ പുതുക്കി നല്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്നും പരാമർശ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ മാറി വരുന്ന സാഹചര്യത്തിൽ ജനകീയ ഹോട്ടലുകളിലെ അംഗങ്ങളെ മാറ്റുന്നതും അവരുടെ കരാർ ദീർഘിപ്പിച്ചു നൽകാത്തതും ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. ജനകീയ ഹോട്ടൽ സംരംഭകരുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്തു, നിലവിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടൽ അംഗങ്ങളെ അവർ സ്വയമേവ താത്പര്യപ്പെടാത്തപക്ഷം പ്രസ്തുത പ്രവർത്തനങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഒഴിവാക്കരുതെന്നും, അവരുടെ കരാർ പുതുക്കി നൽകണമെന്നും കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ഗ്രാമപഞ്ചായത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപാലിറ്റി സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി &എസ്.എസ്.എ / ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ.& പി.ആർ.ഡി/വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി(File No.IA1/365/2021-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ